**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ നഗരസഭയിലെ റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I ശ്രീ.എം.എ.രമേശൻ ഫയൽ ചെയ്ത ഒ.എ നം.1888/2018 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21/12/2018 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2686/2019/തസ്വഭവ                                  തീയതി, തിരുവനന്തപുരം : 28/11/2019

പരാമർശം : 1) ശ്രീ.എം.എ.രമേശൻ (റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I, തൃശ്ശൂർ നഗരസഭ) 05/03/2018 തീയതിയായി സമർപ്പിച്ചിട്ടുള്ള നിവേദനം (അനക്ഷർ - എ 10)

2) ശ്രീ.എം.എ.രമേശൻ (റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I, തൃശ്ശൂർ നഗരസഭ) ഫയൽ ചെയ്ത ഒ.എ നം.1888/2018 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 21/12/2018 തീയതിയിലെ വിധിന്യായം

3) നഗരകാര്യ ഡയറക്ടറുടെ 19/02/2019 തീയതിയിലെ പിഎഫ്9-9172/2018 നമ്പർ കത്ത്.

## ഉത്തരവ്

സി.പി.എഫ് ക്ലോഷർ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ തൃശ്ശൂർ നഗരസഭയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I തസ്തികയിൽ വിരമിച്ച ശ്രീ.എം.എ.രമേശൻ ഫയൽ ചെയ്ത OA No.1883/2018 മേലുള്ള 21/12/2018 ലെ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമായി, നാലു മാസത്തിനുള്ളിൽ അപേക്ഷകനെ നേരിൽ കേട്ട് അനക്ഷർ-എ 10 നിവേദനത്തിന്മേൽ ഒരു തീരുമാനം എടുക്കണമെന്ന് ടി കേസിലെ ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് പരാമർശം (2) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചു.

**2)** ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകനെ നേരിൽ കേട്ടിരുന്നു.

**3)** പരാമർശം (1) പ്രകാരമുള്ള അനക്ഷർ - എ 10 എന്നത് സി.പി.എഫ് ക്ലോഷർ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എം.എ രമേശൻ 05/03/2018 തീയതിയായി സർക്കാരിന് സമർപ്പിച്ചിട്ടുള്ള നിവേദനമാണ്. ആയതുപ്രകാരം ടിയാൻ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള തുക 5,17,036/- രൂപയാണ്. തന്റെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് (നം.PF9-5853) സർക്കാർ കാലാകാലങ്ങളിൽ ജീവനക്കാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണ/ക്ഷാമബത്ത വർദ്ധനവ് പ്രകാരമുള്ള കുടിശ്ശിക യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കുവരുത്താതിരുന്നതിനാൽ പലിശയിനത്തിൽ വളരെയധികം നഷ്ടം സംഭവിച്ചുവെന്നും അതുകൂടി കണക്കാക്കി അധികം തുക ലഭ്യമാക്കണമെന്നുമാണ് അനക്ഷർ - എ 10 പ്രകാരം ടിയാൻ ആവശ്യപ്പെട്ടിട്ടുളളത്. കാരണം ഓരോ ജീവനക്കാരനും അർഹമായ കുടിശ്ശിക തുകകൾ സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കുവരുത്തുന്ന തീയതി മുതൽ മാത്രമേ പലിശ അനുവദിക്കാൻ കഴിയൂവെന്ന് നഗരകാര്യ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇത് ജീവനക്കാർക്ക് വളരെയധികം

തുക പലിശയിനത്തിൽ നഷ്ടപ്പെടുത്തുന്നു എന്നും ഇതിനു പരിഹാരം കാണണമെന്നും ടിയാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

**4)** പ്രസ്തുത വിഷയം സംബന്ധിച്ച് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ചുവടെച്ചേർക്കും വിധം റിപ്പോർട്ട് ചെയ്തു.

തൃശ്ശൂർ നഗരസഭയിൽ നിന്നും 31/01/2016-ൽ വിരമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 ശ്രീ. എം.എ രമേശന്റെ സെൻട്രൽ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് (നം.PF9-5853)അവസാനിപ്പിച്ച് നഗരകാര്യവകുപ്പ് ഡയറക്ടറുടെ 03/06/2016-ലെ പി.എഫ്9-11594/2015 നം ഉത്തരവ് പ്രകാരം ടിയാന് അർഹതപ്പെട്ട തുകയായ 2,23,577-രൂപ അനുവദിച്ച് നൽകുന്നതിന് തൃശ്ശൂർ നഗരസഭ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവായി. എന്നാൽ ടിയാന്റെ കണക്ക് പ്രകാരം ടി തുക കുറവാണെന്നും മേൽപറഞ്ഞ തുക കൂടാതെ 5,17,036 രൂപ കൂടി ലഭിക്കാനുണ്ടെന്ന് അറിയിച്ചുകൊണ്ട് 10/04/2017 ന് ടിയാൻ നഗരകാര്യവകുപ്പ് ഡയറക്ടർക്കു മുമ്പാകെ അപേക്ഷ സമർപ്പിച്ചു ആയതിന് ടിയാന്റെ അക്കൗണ്ടിൽ നഗരസഭകളിൽനിന്നും ഒടുക്കുവരാത്ത ഡി.എ/ പി.ആർ.എ തുകകൾ ലഭിക്കാൻ ശേഷിക്കുണ്ടെങ്കിൽ ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന നഗരസഭകളിൽനിന്നും പലിശ സഹിതം കൈപ്പറ്റാമെന്ന് 03/6/2016-ലെ പി.എഫ്9-11594/2015 നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുള്ളതിനാൽ ഏതെങ്കിലും നഗരസഭകളിൽനിന്നും ഡി.എ/ പി.ആർ.എ കുടിശ്ശികകൾ ലഭിക്കാനുണ്ടെങ്കിൽ ടി നഗരസഭയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് ടിയാന്റെ 10/04/2017 ലെ അപേക്ഷ നിരസിച്ചുകൊണ്ട് 27/05/2017 ലെ പി.എഫ്-9/9459/2017 നമ്പർ കത്ത് പ്രകാരം ടിയാന് മറുപടി നൽകിയിരുന്നു.

ശ്രീ.എം.എ.രമേശന്റെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന നഗരസഭകളിൽ നിന്നും ഒടുക്കിയ തുകയുടെ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുകയും ആയതു പ്രകാരം കണക്കുകൾ പുനഃപരിശോധിച്ചതിൽ ടിയാന് അനുവദിക്കുന്നതിന് ശേഷിക്കുന്നതായി കണ്ടെത്തിയ തുക പലിശ ഉൾപ്പെടെ 58,548/- രൂപ ടിയാന് അനുവദിച്ച് നൽകുന്നതിന് തൃശ്ശൂർ നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകിക്കൊണ്ട് നഗരകാര്യ വകുപ്പ്ഡയറക്ടറുടെ 13/05/2019-ലെ പി.എഫ് 9-9172/2018 നം പ്രകാരം ഉത്തരവായിട്ടുണ്ട്. ശ്രീ. എം.എ രമേശന് പി.എഫ്.കണക്കുമായി ബന്ധപ്പെട്ട് ഇനി തുകയൊന്നും നഗരകാര്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും അനുവദിക്കാൻ ശേഷിക്കുന്നില്ല

സർക്കാർ കാലാകാലങ്ങളിൽ ജീവനക്കാർക്ക് അനുവദിക്കുന്ന ശമ്പള പരിഷ്കരണ / ക്ഷാമബത്ത വർദ്ധനവ് പ്രകാരമുള്ള കുടിശ്ശിക തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വഹിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണെന്നും, കൂടാതെ ശമ്പള പരിഷ്കരണ / ക്ഷാമബത്ത വർദ്ധനവ് പ്രകാരമുള്ള കുടിശ്ശിക തുക ബന്ധപ്പെട്ട ജീവനക്കാരുടെ സി.പി.എഫ് ൽ ഒടുക്കാത്തപക്ഷം ആയത് ഉടനെ ഒടുക്കേണ്ടതാണെന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ കാര്യത്തിൽ ഇക്കാര്യം പരിശോധിച്ച് തുക അനുവദിക്കുവാൻ ശേഷിക്കുന്നുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ജീവനക്കാർക്ക് നേരിട്ട് നൽകേണ്ടതാണെന്നും നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും എല്ലാ നഗരസഭാ സെക്രട്ടറിമാരെയും അറിയിച്ചിട്ടുള്ളതാണെന്നും, ശ്രീ.രമേശൻ.എം.എ യുടെ സി.പി.എഫ് അക്കൗണ്ടിൽ അനക്ഷർ - എ 6 പ്രകാരം ഒടുക്കിയതായി പരാമർശിച്ചിട്ടുള്ള പി.എഫ് വരിസംഖ്യ, വായ്പാ തിരിച്ചടവ് തുകകളിൽ ഏതെങ്കിലും തുക നൽകാൻ ശേഷിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും, ആയതിലേയ്ക്കായി ടിയാന്റെ നിവേദനം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശിക തുകകൾ സി.പി.എഫ് ൽ ക്രഡിറ്റ് ചെയ്യുന്ന തീയതി മുതൽക്കുള്ള പലിശ മാത്രമേ ജീവനക്കാർക്ക് അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്നും, സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന ക്ഷാമബത്ത / ശമ്പള പരിഷ്കരണം പ്രകാരമുള്ള അധിക ബാദ്ധ്യത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ കാര്യത്തിൽ

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണെന്നും, നഗരസഭകളുടെ സാമ്പത്തിക ബാദ്ധ്യത കാരണം യഥാസമയം കുടിശ്ശിക തുക സി.പി.എഫ് ൽ ഒടുക്കാത്ത സാഹചര്യത്തിലാണ് പി.എഫ് കണക്ക് അവസാനിപ്പിക്കുന്ന ഉത്തരവിൽ, കുടിശ്ശിക തുക നൽകാനുണ്ടെങ്കിൽ ആയത് ജീവനക്കാരന് നഗരസഭയിൽ നിന്നും നേരിട്ട് നൽകേണ്ടതാണെന്ന് വ്യക്തമാക്കുന്നതെന്നും, ടി സാഹചര്യത്തിൽ ശ്രീ.എം.എ.രമേശന്റെ സി.പി.എഫ് ൽ ക്രഡിറ്റ് ചെയ്യാത്ത ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശിക തുകകൾ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കണമെന്ന ടിയാന്റെ ആവശ്യം പരിഗണനാർഹമല്ലായെന്നും, കൂടാതെ സി.പി.എഫ് ൽ ക്രഡിറ്റ് ചെയ്യാത്ത ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശിക തുകകൾ യഥാസമയം ക്രഡിറ്റ് ചെയ്യുന്നതിനും വിരമിക്കുന്ന ജീവനക്കാർക്ക് ആയത് നഗരസഭാ ഫണ്ടിൽ നിന്നും നൽകുന്നതിനും 12/02/2019 ലെ പിഎഫ്-1/2019 നമ്പർ സർക്കുലർ പ്രകാരം എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ.എം.എ.രമേശൻ ടിയാന്റെ പ്രോവിഡന്റ് ഫണ്ട് അവസാനിപ്പിക്കുന്നതിന് 16/12/2014 ൽ അപേക്ഷ നൽകിയിട്ടുള്ളതും പി.എഫ് വരിസംഖ്യ അടയ്ക്കുന്നത് 12/2014 മുതൽ നിറുത്തിയിട്ടുള്ളതുമാണ്. ക്ഷാമബത്ത കുടിശ്ശിക, പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ ഒടുക്കുന്നത് നിറുത്തിയിട്ടുള്ള ജീവനക്കാരുടെ കാര്യത്തിൽ, നേരിട്ട് നൽകാവുന്നതാണ് എന്ന് 23/12/2013 ലെ സ.ഉ.(പി) നം.629/2013/ഫിൻ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണെന്നും, ആയത് പ്രകാരം ടിയാന് ക്ഷാമബത്ത കുടിശ്ശിക നേരിട്ട് ലഭിക്കാമെന്നിരിക്കെ ആയതുകൂടി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.എം.എ.രമേശന്റെ സി.പി.എഫ് അക്കൗണ്ടിലേയ്ക്ക് ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ ഒടുക്കാത്ത തുകയുണ്ടെങ്കിൽ ആയത് പരിശോധിച്ച് ടിയാന് അനുവദിച്ചു നൽകുന്നതിന് നഗരകാര്യ ഡയറക്ടറുടെ 12/02/2019 ലെ പിഎഫ്-1/2019 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന നഗരസഭകളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

**5)** കൊച്ചി നഗരസഭയിൽനിന്നും വിടുതൽ ചെയ്ത് 06/08/2014-ൽ തൃശ്ശൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.രമേശന് 20/01/2016 ലെ സ.ഉ.(പി) നം.07/2016/ധന പ്രകാരം 4 ഗഡു പേ റിവിഷൻ അരിയർ തുകയായ 50,392/- രൂപ പണമായി നൽകിയിട്ടുണ്ടെന്ന് തൃശ്ശൂർ നഗരസഭാ അഡീഷണൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പിറവം നഗരസഭ ഓഫീസ് കെട്ടിടം പല തവണ മാറേണ്ടിവന്നതിനാലും പഞ്ചായത്ത് ആയിരുന്ന കാലയളവിലെ ഫയലുകൾ പഞ്ചായത്തിൽനിന്നും യഥാവിധം കൈമാറിക്കിട്ടിയിട്ടില്ലാത്തതിനാലും 13/05/1992 മുതൽ 31/03/1993 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എം.എ.രമേശന്റെ സർവ്വീസ് സംബന്ധിച്ച യാതൊരുവിധ റെക്കോർഡുകളും ടി നഗരസഭയിൽ ലഭ്യമല്ലായെന്നാണ് പിറവം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുളളത്. ആലപ്പുഴ നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി നിമിത്തം 1998- ന് ശേഷം ടി നഗരസഭയിലെ ഒരു ജീവനക്കാരന്റെയും പിആർഎ/ഡിഎ എന്നീ തുകകൾ പി.എഫ് അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ലാത്തതാണെന്നും എന്നാൽ ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന മുറയ്ക്ക് ടി തുക നൽകിവരുന്നതുമാണെന്നും ശ്രീ എം.എ.രമേശൻ സർവ്വീസിൽനിന്നും വിരമിച്ച തൃശ്ശൂർ നഗരസഭയിൽനിന്നും പേ റിവിഷൻ നടത്തി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്ന മുറയ്ക്ക് ടിയാന് അർഹതപ്പെട്ട തുക നൽകുന്നതാണെന്നും 05/04/2019-ലെ കത്തുപ്രകാരം ആലപ്പുഴ നഗരസഭസെക്രട്ടറി അറിയിച്ചിരുന്നു. തുടർന്ന് ശ്രീ. എം.എ രമേശന്റെ പി.എഫ് അക്കൗണ്ടിൽ ഒടുക്കേണ്ടിയിരുന്ന ഡി.എ അരിയർ തുകയായ 26,920/- രൂപ ടിയാൻ സർവ്വീസിൽനിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാന്റെ അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ് എന്നിവ ലഭ്യമായാൽ മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് 25/10/2019-ലെ കത്തുപ്രകാരം ആലപ്പുഴ നഗരസഭസെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**6)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിലും പരാമർശം (3) പ്രകാരമുള്ള നഗരകാര്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ശ്രീ.എം.എ.രമേശൻ

സേവനമനുഷ്ഠിച്ചിരുന്ന നഗരസഭകളിലെ സെക്രട്ടറിമാരിൽ നിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലും പരാമർശം (1) പ്രകാരം ശ്രീ.എം.എ.രമേശൻ സമർപ്പിച്ച അനക്ഷർ-എ 10 നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ടും, നഗരകാര്യ ഡയറക്ടറുടെ 12/02/2019 ലെ പിഎഫ്-1/2019 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ, ശ്രീ.എം.എ.രമേശന്റെ സി.പി.എഫ് അക്കൗണ്ടിൽ അനക്ഷർ -എ 6 പ്രകാരം ഒടുക്കിയതായി പരാമർശിച്ചിട്ടുള്ള പി.എഫ് വരിസംഖ്യ, വായ്പാ തിരിച്ചടവ് തുകകളിൽ ഏതെങ്കിലും തുക നൽകാൻ ശേഷിക്കുന്നുണ്ടെങ്കിൽ ആയതും ടിയാന്റെ സി.പി.എഫ് അക്കൗണ്ടിലേയ്ക്ക് ക്ഷാമബത്ത / ശമ്പള പരിഷ്കരണ കുടിശ്ശിക/ ഇനത്തിൽ ഒടുക്കാത്ത തുകയുണ്ടെങ്കിൽ ആയതും അടിയന്തരമായി പുനഃപരിശോധിച്ച് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നഗരകാര്യഡയറക്ടർക്കും ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന എല്ലാ നഗരസഭകളിലെയും (തൃശ്ശൂർ, ആലപ്പുഴ, തൊടുപുഴ, മൂവാറ്റുപുഴ, പിറവം, കൊല്ലം, കൊച്ചി, കുന്നംകുളം etc.) സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

**7)** പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ